# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2602** **11.10.11-ൽ മറുപടിക്ക്**

**പയ്യന്നൂർ നിയോജക മണ്ഡലത്തിൽ വെള്ളൂർ പൊടിയോട്ടുചാൽ - പുളിങ്ങോം റോഡ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കൃഷ്ണൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും ധനസഹായത്തിനായി റോഡുകൾ തെരെഞ്ഞെടുക്കുന്നതിനുള്ള മാന-ദണ്ഡങ്ങൾ എന്തൊക്കെയാണ് ; | (എ) പ്രധാനപ്പെട്ട സ്റ്റേറ്റ് ഹൈവേകളും പ്രധാനപ്പെട്ട ജില്ലാ റോഡുകളും ആണ് സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും ധനസഹായത്തിനായി തെരഞ്ഞെടുക്കുന്നത്. ഈ റോഡുകൾ പത്തു കിലോമീറ്ററി ലധികം നീളം വരുന്നതുമായിരി ക്കണം. പത്തു കിലോമീറ്ററിൽ താഴെയാണ് നീളം വരുന്നതെങ്കിൽ പ്രസ്തുത റോഡ് പ്രധാനപ്പെട്ട സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതോ, സംസ്ഥാനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതോ, വാണിജ്യ പരമായി പ്രാധാന്യമുള്ളതോ ആയിരിക്കണം. |
| (ബി) ഏറ്റവും അവസാനമായി സി.ആർ. എഫ്-ൽ നിന്നും ധനസഹായം ലഭിച്ചത് എപ്പോഴാണ്; ഏതൊക്കെ റോഡുകൾക്ക് എന്ന് വ്യക്തമാ-ക്കാമോ ; | (ബി) ഏറ്റവും അവസാനമായി സി.ആർ.എഫ്-ൽ നിന്നും ധനസഹായം ലഭിച്ചത് മേയ് 2011-ൽ 45 കോടി രൂപയ്ക്കാണ്. നേരത്തെ അംഗീകാരം കിട്ടിയ പണികൾക്കാണ് ഈ തുക അനുവദിച്ചത്. ദേശീയപാത വിഭാഗത്തിൽ പ്രത്യേകിച്ച് ഓരോ പണിക്കായി ഫണ്ട് അലോക്കേറ്റ് ചെയ്യാറില്ല, ഓരോ വർഷത്തേക്കും പണികൾക്കുള്ള അലോക്കേഷൻ ഒരുമിച്ചാണ്. |

| | |
|---|---|
| (സി) കണ്ണൂർ ജില്ലയിൽ നിന്നും ധനസഹായത്തിനായി ഏതെല്ലാം റോഡുകളാണ് ശുപാർശ ചെയ്തിട്ടുളളത് എന്ന് അറിയിക്കാമോ; | (സി) കണ്ണൂർ ജില്ലയിൽ നിന്നും ധനസഹായത്തിനായി ശുപാർശ ചെയ്ത റോഡുകൾ താഴെ പറയുന്നു.<br>1. കണ്ണൂർ - വളപട്ടണം റോഡ് (via) അലവിൽ.<br>2.പയ്യാവൂർ-പൈസക്കാരി ചാന്നമകപാറ - മാക്കിയം റോഡ് (പുനരുദ്ധാരണം).<br>3. സ്റ്റേറ്റ് ഹൈവേ 38 ൽ പൂക്കോട് മുതൽ പെരിങ്ങത്തൂർ വരെയുളള റോഡിന്റെ പുനരുദ്ധാരണം (Ch 0/000 മുതൽ 24/000 വരെ)<br>4. തിരൂർ - കല്യാട്ട് - ബ്ലാത്തൂർ വെളിംമ്പ്ര - 19-ാം മൈൽ - മട്ടന്നൂർ ശിവപുരം മാലൂർ കോലയാർ റോഡു പുനരുദ്ധാരണം (Ch Km 0/000 to 60/000)<br>5. പാലബസാർ വട്ടിപ്രം -മൂനം പീടിക- ഉറവച്ചാൽ - തില്ലങ്കേരി - കക്കയങ്ങാട് റോഡ് പുനരുദ്ധാരണം (Ch 0/000 to 35/000)<br>6. താഴ- ചൊവ്വ -അഞ്ചരക്കണ്ടി - കീഴല്ലൂർ - മട്ടന്നൂർ റോഡ് പുനരുദ്ധാരണം (0/000 to 23/214).<br>7. വലിയന്നൂർ നായാട്ടുപുര റോഡ് പുനരുദ്ധാരണം (Ch 0/000 to 15/560)<br>8. കുടുക്കി മേട്ട- മുണ്ടേരിമേട്ട റോഡ് പുനരുദ്ധാരണം (0/000 to 2/900)<br>9. കൊടുവല്ല്യത്താട്ടു -നടുവിൻ - കുടിയാൻമല റോഡ് പുനരുദ്ധാരണം<br>10. അരങ്ങും -തീർത്തളളി റോഡ് പുനരുദ്ധാരണം. |
| (ഡി) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ വെളളൂർ - പൊടിയോട്ടുചാൽ - പുളിങ്ങോം റോഡ് സി.ആർ. എഫ്-ൽ നിന്നും ധനസഹായത്തിന് വേണ്ടി ശുപാർശ ചെയ്തിട്ടുണ്ടോ ; | (ഡി) ശുപാർശ ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ഇല്ലെങ്കിൽ പ്രസ്തുത റോഡ് ശുപാർശ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല, |

സെക്ഷൻ ഓഫീസർ